(ഇ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭാവിയെപ്പറ്റി കമ്മിറ്റി യുടെ റിപ്പോർട്ടിൽ പരാമർശമൊന്നുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുടെ ആഡിറ്റിനായി ആഡിറ്റ് കമ്മിഷൻ നിലവിൽ വന്നാലും, മറ്റ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ ആഡിറ്റിനായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് നിലനിറുത്തേണ്ടിവരും.

124 (681) ജനകീയാസൂത്രണത്തിലെ വിദഗ്ദ്ധ സമിതികൾ

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വ യംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പദ്ധ തികളുടെ സുഗമമായ നടത്തിപ്പിന് വിദഗ്ദ്ധ സമിതികളെ ഒഴിവാക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ;

(ബി) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകളും തിരി മറികളും തടയുന്നതിന് സ്ഥിരവും കൃത്യവുമായ ആഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ജനകീയാസൂത്രണ പദ്ധതിക്ക് നീക്കിവച്ച തുകയിൽ 100 കോടി യിൽപ്പരം തുക വൈദ്യുതി ബോർഡും ഹൗസിംഗ് ബോർഡ്, വാട്ടർ അതോ റിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനം തൃപ്തികരമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനകീയാസൂത്രണ പദ്ധതികളുടെ നിർവഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കാൻവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിദഗ്ദ്ധ സമിതികളെ ഒഴിവാക്കാൻ ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

(ബി) പെർഫോർമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗ ണ്ടന്റ് ജനറലിന്റെ ആഡിറ്റ് എന്നീ സ്ഥിര സ്വഭാവമുള്ള ആഡിറ്റിംഗ് സംവിധാ നങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(സി) 1997-98, 98-99 വർഷങ്ങളിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് വർക്കിനുവേണ്ടി വൈദ്യുതിബോർഡ്, ഹൗസിംഗ് ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ച തിന്റെ അടിസ്ഥാനത്തിലുള്ള പണികൾ പുരോഗമിച്ചു വരികയാണ്.

(ഡി) പ്ലാനിംഗ് ബോർഡ് കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിച്ചു വരുന്നത്.

125 (682) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ അവലോകനം

ശ്രീ. കെ.എം. മാണി :

ശ്രീ. ഒ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പുരോഗതിയെന്താണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച ജനകീയാസൂത്രണ പരിപാടികളുടെ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് ഓരോ സാമ്പത്തിക വർഷവും അവലോകനം ചെയ്യാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ) നടപ്പു വർഷത്തെ ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിനായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് നവംബർ 30 വരെ യഥാക്രമം 2778.69 ലക്ഷം രൂപയും, 1372.91 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് നവംബർ 30 വരെ 15143.378 ലക്ഷം രൂപ നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദ്ധതി നിർവഹണ അവലോകനം പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപസമിതി നിർവഹണ അവലോകനം നടന്നു വരികയാണ്. പുരോഗതിയെ സംബന്ധിച്ച സമഗ്രമായ വിവരം ശേഖരിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പുവർഷം 14441.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 1997-98, 1998-99 വാർഷിക പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 1999-2000 വാർഷിക പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

126 (683) ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച തുക

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പത്തനംതിട്ട ജില്ലയിലെ കോയിപ്രം പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 1999-2000 വർഷത്തേയ്ക്ക് എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ 1999 നവംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഓരോ മേഖലയ്ക്കും അനുവദിച്ച തുക പൂർണ്ണമായും ചെലവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) 1998-99-ൽ പ്രസ്തുത പഞ്ചായത്തിലേയ്ക്ക് അനുവദിച്ച മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടോ;

(എഫ്) അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 54.79 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 10,38,976 രൂപ

(സി) 1. സ്പിൽ ഓവർ ഉൾപ്പെടെ ഉല്പാദന മേഖലയ്ക്ക് അനുവദിച്ച തുക 1601862 രൂപ. ചെലവഴിച്ച തുക : 259794 രൂപ

LIBRARY ARCHIVES Kerala Legislative Assembly